# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ തിരുവനന്തപുരം-9

നമ്പർ : ഇ 2/ 7011/2024/എബിറ്റിറ്റി/ 3443 തീയതി : 10.12.2024

## റീ-ക്വട്ടേഷൻ പരസ്യം

വിഷയം : **2025-ാം** ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ദേവി ആഡിറ്റോറിയത്തിൽ വച്ച് മെസ്സ് നടത്തുന്നതിനുള്ള ഭക്ഷണസാധനങ്ങൾ പാചകം ചെയ്ത് വിളമ്പുന്നതു സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ **2025-ാം** ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് മാർച്ച് മാസം **05-ാം** തീയതി മുതൽ **14-ാം** തീയതി വരെയുള്ള ദിവസങ്ങളിൽ ഭക്ഷണം പാചകം ചെയ്ത് വിളമ്പി കൊടുക്കുന്നതിന് മുൻപരിചയമുള്ള പാചകക്കാരിൽ നിന്നും മുദ്രവച്ച മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. 2025 മാർച്ച് മാസം **05-ാം** തീയതി മുതൽ **13-ാം** തീയതി വരെ ഉച്ചയ്ക്ക് **12 മണി** മുതലും, മാർച്ച് മാസം **12-ാം** തീയതിയിലും 13-ാം തീയതി രാത്രിയിലും മെസ്സിലേയ്ക്ക് വേണ്ടി **100 കിലോഗ്രാം** അരിയുടെ ചോറും അതിലേയ്ക്കാവശ്യമായ കറികളും (പരിപ്പ്, സാമ്പാർ, വറുത്തെരുശ്ശേരി, അവിയൽ, തോരൻ, തീയൽ, കിച്ചടി, അച്ചാർ, രസം, മോര്, പുളിശ്ശേരി, തൊട്ടു കറി, പർപ്പടകം മുതലായവ), കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലിയും, മേൽപ്പറഞ്ഞ ഭക്ഷണസാധനങ്ങൾ പാചകം ചെയ്തതിന് ശേഷം ആയവ വിളമ്പി കൊടുക്കുന്നതിന് വിളമ്പുകാരന് **ഒരു ദിവസം, ഒരു നേരം എത്ര രൂപ** നിരക്കിൽ എന്ന് ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം.
2. മേൽ പറഞ്ഞിരിക്കുന്നതായ ഭക്ഷണത്തിന് ആവശ്യമായ പായസം കൂടി പാചകം ചെയ്യുന്നതിനുള്ള കൂലി (ഊണ് ഉൾപ്പെടെ) ക്വട്ടേഷനിൽ കാണിക്കണം.
3. 2025 മാർച്ച് മാസം **05-ാം** തീയതി മുതൽ **13-ാം** തീയതി വരെ രാവിലെയും മാർച്ച് **5-ാം** തീയതി മുതൽ **11-ാം** തീയതി വരെ രാത്രിയിലും ആഹാരം പാചകം ചെയ്ത് നൽകുന്നതിന് വേണ്ടി **10 കിലോഗ്രാം** അരിയും, അതിനാവശ്യമായ ഉഴുന്നും കൂട്ടിച്ചേർത്ത് ആട്ടി കിട്ടുന്ന മാവിന്റെ ദോശ/ ഇഡ്ഡലി, **10 കിലോഗ്രാം** മാവിന്റെ അപ്പം/ഇടിയപ്പം/ചപ്പാത്തി/ബറോട്ട/പൂരി/വീശപ്പം/ഊത്തപ്പം/ പുലാവ്/ഉപ്പുമാവ് (ബോംബെ റവ) എന്നീ പലഹാരങ്ങളും ഇതിനാവശ്യമായ കറി, ചായ, കാപ്പി, കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലി, വിളമ്പ് കൂലി, **വിളമ്പുകാരന് ഒരാൾക്ക് ഒരു നേരം എത്ര രൂപ** നിരക്കിൽ എന്ന് ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം.
4. 2025 മാർച്ച് **5-ാം** തീയതി മുതൽ **12-ാം** തീയതി വരെ വൈകുന്നേരം **4.00 മണി** വരെ ചായയും, കാപ്പിയും അതിന്റെ കൂടെ എണ്ണപ്പലഹാരങ്ങൾ കൂടി കൊടുക്കുന്നതിലേക്കായി **10 കിലോഗ്രാം** വടപ്പരിപ്പ്/ഉഴുന്ന്/പയറ്/വാഴയ്ക്ക/ഏത്തപ്പഴം/ സവാള/ഉരുളക്കിഴങ്ങ്/തൊണ്ടൻമുളക്/കത്തിരിക്ക എന്നിവയ്ക്ക് ആവശ്യമായ മാവും, ചേരുവകളും ചേർത്ത് പാചകം ചെയ്യുന്നതിനുള്ള കൂലിയും വിളമ്പുകാരന് ഒരാൾക്ക് **ഒരു നേരം എത്ര രൂപ** നിരക്കിൽ കൂലി എന്നും ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം.
5. 2025 മാർച്ച് മാസം **14-ാം** തീയതി രാത്രിയിൽ ആഹാരം പാചകം ചെയ്ത് വിളമ്പുന്നതിന് വേണ്ടിയുള്ള കൂലി (250 പേർക്ക്) എന്ന് ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം.
6. 2025 മാർച്ച് മാസം **05-ാം** തീയതി മുതൽ **13-ാം** തീയതി വരെ രാവിലെയും മാർച്ച് മാസം **05-ാം** തീയതി മുതൽ **11-ാം** തീയതി വരെ രാത്രിയിലും **10 കിലോഗ്രാം** മാവിൽ പാചകം ചെയ്ത അപ്പം/ ഇടിയപ്പം/ചപ്പാത്തി/വീശപ്പം/ബറോട്ട/പൂരി/പുലാവ്/ഉപ്പുമാവ് (ബോംബെ റവ) എന്നീ പലഹാരങ്ങൾക്ക് വേണ്ടി ആവശ്യമായ കറി, ചായ, കാപ്പി, കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള **കൂലി, വിളമ്പുകാരന് ഒരാൾക്ക് ഒരുനേരം എത്ര രൂപ** നിരക്കിൽ കൂലി എന്ന് ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കണം.

Contd.......

പൂർണ്ണ വിവരങ്ങൾ അടങ്ങിയ ക്വട്ടേഷനുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് മുദ്രവച്ച് **14.12.2024 ശനിയാഴ്ച** വൈകുന്നേരം **3.00 മണിക്കകം** ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അന്നു വൈകുന്നേരം **4.00 മണിക്ക്** അപ്പോൾ ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി പൊട്ടിക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം 5,000/ (അയ്യായിരം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങി **നിരതദ്രവ്യമായി** അടക്കം ചെയ്തിരിക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 200/ (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഒരു എഗ്രിമെന്റും 5,000/- (അയ്യായിരം) രൂപയുടെ **സെക്യൂരിറ്റി ഡിപ്പോസിറ്റായി** വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് ഭക്ഷണം പാചകം ചെയ്യുന്നതിൽ കുറഞ്ഞത് 5 വർഷത്തെയെങ്കിലും മുൻപരിചയം ഉണ്ടായിരിക്കണം. ഭക്ഷണ സാധനങ്ങൾ രുചികരമായ രീതിയിൽ മെസ്സ് കൺവീനറുടെ നിർദ്ദേശാനുസരണം തയ്യാറാക്കി യഥാസമയങ്ങളിൽ വിളമ്പുന്നതിനും പാചകം ചെയ്യാൻ ഉപയോഗിക്കുന്ന സാധനങ്ങൾ ദുർവിനിയോഗം ചെയ്യാൻ പാടില്ലാത്തതുമാണ്. പാചകം ചെയ്യുന്ന കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജ് എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. വിളമ്പിന് നിയോഗിക്കുന്ന ആളുകൾ ശുദ്ധിയും, വൃത്തിയുമുള്ളവരും, വിളമ്പുന്ന സമയത്ത് പുകവലിക്കുക, മുറുക്കുക (വെറ്റില), മൂക്കുപൊടി വലിക്കുക, മദ്യപിക്കുക എന്നിവ കർശനമായി ചെയ്യാൻ പാടില്ലാത്തതുമാകുന്നു. കുറഞ്ഞത് 25 (ഇരുപത്തിയഞ്ച്) ആൾക്കാരെങ്കിലും വിളമ്പുന്നതിന് ഒരു സമയം ഉണ്ടായിരിക്കണം. **കവറിന് പുറത്ത് ആഹാരം പാചകം ചെയ്ത് വിളമ്പുന്നതിനുള്ള ക്വട്ടേഷൻ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.** ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ക്വട്ടേഷൻ പൊട്ടിക്കുന്ന സമയത്തോ അതിനു ശേഷമോ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ നിരസിക്കുന്നതിനും, റദ്ദാക്കുന്നതിനും മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷൻ നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

**ക്വട്ടേഷൻ വിളിച്ച് ചെയ്യുന്ന പ്രവർത്തികൾക്ക്, പേമെന്റ് നൽകുമ്പോൾ കരാറുകാരനിൽ നിന്നും ടി.ഡി.എസ്.പിടിക്കുന്നതാണ്. പാൻകാർഡുള്ള വ്യക്തിയാണെങ്കിൽ 1% നിരക്കിലും പാൻകാർഡില്ലാത്തവരിൽ നിന്നും 20% നിരക്കിലും ടാക്സ് പിടിക്കുന്നതാണ്. ആധാറുമായി Link ചെയ്യാതെ inoperative ആയ permanent account number ഉള്ളവരിൽ നിന്നും സർക്കാർ നിഷ്കർഷിച്ചതുപോലെ 20% നിരക്കിൽ പിടിക്കുന്നതാണ്.**

**ഭക്ഷണം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനുമുള്ള കരാർ തുകയിൽ നിന്ന് ആദായ നികുതി ടി.ഡി.എസ്. ആയി പിടിക്കുന്നതാണ്. ഒരു വ്യക്തിയാണ് കരാർ വയ്ക്കുന്നതെങ്കിൽ 1% നിരക്കിലും ഒരു സ്ഥാപനമാണ് കരാറിൽ ഏർപ്പെട്ടതെങ്കിൽ 2% നിരക്കിലും നികുതി പിടിക്കുന്നതാണ്. കരാറുകാരൻ പാൻകാർഡ് ഇല്ലാത്ത വ്യക്തിയോ സ്ഥാപനമോ ആണെങ്കിൽ ടി.ഡി.എസ്. 20% നിരക്കിലും നികുതി പിടിക്കുന്നതാണ്.**

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി

സെക്രട്ടറി

**നോട്ടീസ് ബോർഡ്:**
1. **ക്ഷേത്രം**
2. **ഓഫീസ്**
3. **വെബ്സൈറ്റ്**

പകർപ്പ്:
1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2025
3. ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2025
4. കൺവീനർ, മെസ്സ് കമ്മിറ്റി, പൊങ്കാല മഹോത്സവം-2025
5. കമ്പ്യൂട്ടർ സെക്ഷൻ
6. ഫയൽ

bks